**കേരള സർക്കാർ**

**സംഗ്രഹം**

സൈനിക ക്ഷേമ വകുപ്പ്- ഡറാഡൂണിലെ ഇന്ത്യൻ മിലിട്ടറി അക്കാഡമിയിൽ പരിശീലനത്തിനിടെ 03.08.2009 ന് മരണപ്പെട്ട സാബു.പി.വി യുടെ സഹോദരൻ ശ്രീ.ഷാല്വ വർഗ്ഗീസ് – ന് വയനാട് ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ തൊഴിൽ സഹായം നൽകുന്നതിന് അനുമതി നൽകി – ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സൈനിക ക്ഷേമ (എ) വകുപ്പ്**

**സ.ഉ(കൈ)നം.14/2022/സൈ.ക്ഷേ.വ. തീയതി, തിരുവനന്തപുരം :13.04.2022**

പരാമർശം:- 1. ശ്രീ.ഷാല്വ വർഗ്ഗീസ് – ന്റെ 02.12.2020 ലെ അപേക്ഷ.

2. സൈനിക ക്ഷേമ വകുപ്പ് ഡയറക്ടർ-ഇൻ-ചാർജ്ജ്-ന്റെ 22.02.2021 തീയതിയിലെ C2/05/2021-DSW നമ്പർ കത്ത്.

3. സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ 19.01.2022 തീയതിയിലെ HRMP.No.7742/11/14/2021/WYD നമ്പർ ഇടക്കാല ഉത്തരവ്.

# ഉത്തരവ്

ഓപ്പറേഷണൽ ഏര്യായിലോ/ ഫീൽഡ് ഏര്യായിലോ വച്ച് ഹൈ ആൾട്ടിട്യൂഡ് കാരണമോ, മോശമായ കാലാവസ്ഥ മൂലമോ, ഓപ്പറേഷണൽ ഏര്യായിലോ/ ഫീൽഡ് ഏര്യായിലോ വച്ചുണ്ടാകുന്ന മൈൻ സ്ഫോടനം, കെണി, വാഹനാപകടം മുതലായവയിലോ കൊല്ലപ്പെടുന്ന /കാണാതാകുന്ന/ അംഗഭംഗം സംഭവിക്കുന്ന, സൈനികന്റെ ഒരാശ്രിതന്/ ആശ്രിതയ്ക്ക് 29.04.2002 ലെ സ.ഉ (പി)110/02/പൊ.ഭ.വ നമ്പർ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം സംസ്ഥാന സർക്കാർ വകുപ്പുകളിൽ തൊഴിൽ സഹായത്തിന് അർഹതയുള്ളതാണ്.

**2.** ഡറാഡൂണിലെ ഇന്ത്യൻ മിലിട്ടറി അക്കാഡമിയിൽ പരിശീലനത്തിനിടെ 03.08.2009 ന് മരണപ്പെട്ട സാബു.പി.വി യുടെ സഹോദരൻ ശ്രീ.ഷാല്വ വർഗ്ഗീസ് പ്രസ്തുത ഉത്തരവ് പ്രകാരം തൊഴിൽ സഹായം ലഭിക്കുന്നതിന് പരാമർശം 1 പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി.

**3.** തൊഴിൽ സഹായം സംബന്ധിച്ച 29.04.2002 ലെ ഉത്തരവിലെ ഖണ്ഡിക 7 പ്രകാരം മരണപ്പെട്ടയാളുടെ ആശ്രിതൻ പ്രായപൂർത്തിയായ ആളാണെങ്കിൽ കാഷ്വാലിറ്റി സംഭവിച്ച് 3 വർഷത്തിനകം അപേക്ഷ സമർപ്പിക്കേണ്ടിയിരുന്നു. എന്നാൽ ശ്രീ.ഷാല്വ വർഗ്ഗീസ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത് പ്രസ്തുത കാഷ്വാലിറ്റി സംഭവിച്ച് 11 വർഷങ്ങൾക്കു ശേഷം 02.12.2020 ലാണ്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 3 പ്രകാരം അവിവാഹിതനായ സഹോദരൻ ആണ് മരണപ്പെട്ടയാളുടെ ആശ്രിതൻ എന്ന നിർവ്വചനത്തിൽ ഉൾപ്പെട്ടു വരുന്നത്. അപേക്ഷകൻ 2013 ൽ വിവാഹിതനായയാളാണ്. തൊഴിൽ സഹായം സംബന്ധിച്ച ഉത്തരവിലെ പ്രസ്തുത

വ്യവസ്ഥകൾ പാലിക്കാത്തതിനാൽ ശ്രീ.ഷാല്വ വർഗ്ഗീസിന്റെ അപേക്ഷ സർക്കാർ നിരസിച്ചു.

**4.** തൊഴിൽ സഹായം നിരസിച്ചതിനെതിരെ ടിയാൻ കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനെ സമീപിച്ചു. പ്രസ്തുത കേസിൽ ചീഫ് സെക്രട്ടറി അപേക്ഷകനെ നേരിൽ കേട്ട് റിപ്പോർട്ട് സമർപ്പിക്കണമെന്ന് പരാമർശം 3 പ്രകാരം കമ്മീഷൻ ഉത്തരവിട്ടു.

**5.** ഈ സാഹചര്യത്തിൽ ടിയാന്റെ അപേക്ഷ വീണ്ടും സർക്കാർ പരിശോധിച്ചു. 2009 ൽ തന്നെ അപേക്ഷകൻ ആശ്രിത നിയമനത്തിനായി കേന്ദ്ര സർക്കാരിനെ സമീപിച്ചിട്ടുള്ളത് കണക്കിലെടുത്ത് ഇതൊരു പ്രത്യേക കേസായി പരിഗണിച്ച്, ഡറാഡൂണിലെ ഇന്ത്യൻ മിലിട്ടറി അക്കാഡമിയിൽ പരിശീലനത്തിനിടെ 03.08.2009 ന് മരണപ്പെട്ട സാബു.പി.വി യുടെ സഹോദരൻ ശ്രീ.ഷാല്വ വർഗ്ഗീസ്, പാലിയത്ത് ഹൗസ്, നരിക്കുണ്ട് (പി.ഒ), തോമാട്ടുചാൽ വില്ലേജ്, സുൽത്താൻ ബത്തേരി താലൂക്ക്, വയനാട് ജില്ല -യ്ക്ക്, 29.04.2002 ലെ സ.ഉ(പി)110/2002/പൊ.ഭ.വ നമ്പർ ഉത്തരവിലെ ഖണ്ഡിക 3 (iv) (അവിവാഹിതനായ സഹോദരൻ), ഖണ്ഡിക 7 (അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി) എന്നീ വ്യവസ്ഥകളിൽ ഇളവ് അനുവദിച്ച് വയനാട് ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ തൊഴിൽ സഹായം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**6.** വയനാട് ജില്ലയിൽ ക്ലാർക്കിന്റെ ഒഴിവ് റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് ടിയാന് നിയമനം നൽകുന്നതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ശാരദ മുരളീധരൻ.ഐ.എ.എസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

പകർപ്പ്-

1. ശ്രീ.ഷാല്വ വർഗ്ഗീസ്, പാലിയത്ത് ഹൗസ്, നരിക്കുണ്ട് (പി.ഒ), തോമാട്ടുചാൽ വില്ലേജ്, സുൽത്താൻ ബത്തേരി താലൂക്ക്, വയനാട് ജില്ല-673 593 (Regd post with A/D)
2. ഡയറക്ടർ, സൈനിക ക്ഷേമ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), കേരള, തിരുവനന്തപുരം
4. പൊതുഭരണ (എസ്.സി) വകുപ്പ് (12.04.2022-ാം തീയതിയിലെ ഇനം നമ്പർ 656 പ്രകാരം)
5. ജില്ലാ കളക്ടർ, വയനാട്
6. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
7. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 12-04-2022

ഫയൽ നം. SW2/24/2021/സൈ.ക്ഷേ.വ. ഇനം നം: 656

വിഷയം : സൈനികക്ഷേമ വകുപ്പ് - ഡറാഡൂണിലെ ഇന്ത്യൻ മിലിട്ടറി അക്കാഡമിയിൽ പരിശീലനത്തിനിടെ 03.08.2009-ന് മരണപ്പെട്ട സാബു.പി.വി.-യുടെ സഹോദരൻ ശ്രീ. ഷാലു വർഗ്ഗീസിന് തൊഴിൽ സഹായം നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, സൈനികക്ഷേമ വകുപ്പ്.

656

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1. ഫയൽ നമ്പർ | : | SW2/24/2021/സൈ.ക്ഷേ.വ |
| 2. വകുപ്പ് | : | സൈനിക ക്ഷേമ വകുപ്പ് |
| 3. വിഷയം | : | ഡറാഡൂണിലെ ഇന്ത്യൻ മിലിട്ടറി അക്കാഡമിയിൽ പരിശീലനത്തിനിടെ 03.08.2009 ന് മരണപ്പെട്ട സാബു.പി.വി യുടെ സഹോദരൻ ശ്രീ.ഷാല്യ വർഗ്ഗീസിന് തൊഴിൽ സഹായം നൽകുന്നതു -സംബന്ധിച്ച്. |
| 4. മന്ത്രിസഭാ യോഗത്തിനു സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 11.03.2022 |
| 5. (i) ഇത് സാമ്പത്തിക ബാദ്ധ്യത ഉള്ളതാണോ ? | : | അതെ . |
| (ii)സാമ്പത്തിക ബാദ്ധ്യത ഉള്ളതാണെങ്കിൽ ധനവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല . തൊഴിൽ സഹായം നൽകുന്നതുമൂലം സാമ്പത്തിക ബാദ്ധ്യത ഉണ്ടാവുമെങ്കിലും അനുവദനീയ തസ്തികയിലായിരിക്കും നിയമനം എന്നതിനാൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടില്ല |
| 6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 7. കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ജയശ്രീ.എം |
| 8. കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ശാരദ മുരളീധരൻ |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 25.03.2022 |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വി.പി.ജോയ് |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 02.04.2022 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ |
| 13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മുഖ്യമന്ത്രി അംഗീകരിച്ച തീയതി | : | 06.04.2022 |
| 14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 07.04.2022 |
| 15. മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | |
| 16. തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പരും തീയതിയും | : | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

**1.** ഡറാഡൂണിലെ ഇന്ത്യൻ മിലിട്ടറി അക്കാഡമിയിൽ പരിശീലനത്തിനിടെ 03.08.2009 ന് മരണപ്പെട്ട സാബു.പി.വി യുടെ സഹോദരൻ ശ്രീ.ഷാല്വ വർഗ്ഗീസിന് തൊഴിൽ സഹായം നൽകുന്നതുമായി ബന്ധപ്പെട്ടതാണ് ഈ കുറിപ്പ്.

**2.** 29.04.2002 ലെ സ.ഉ(പി)110/2002/പൊ.ഭ.വ പ്രകാരം ഓപ്പറേഷണൽ ഏര്യായിലോ ഫിൽഡ് ഏര്യായിലോ വച്ച് High Altitude കാരണമോ, മോശമായ കാലാവസ്ഥ മൂലമോ, ഓപ്പറേഷണൽ ഏര്യായിലോ ഫിൽഡ് ഏര്യായിലോ വച്ചുണ്ടാകുന്ന മൈൻ സ്ഫോടനം, കെണി, വാഹനാപകടം മുതലായവയിലോ കൊല്ലപ്പെടുന്ന / കാണാതാകുന്ന / അംഗഭംഗം സംഭവിക്കുന്ന സൈനികന്റെ ഒരു ആശ്രിതന് സംസ്ഥാന സർക്കാർ വകുപ്പുകളിൽ തൊഴിൽ സഹായത്തിന് അർഹതയുള്ളതാണ്.

**3.** പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം തൊഴിൽ സഹായം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് മരണപ്പെട്ട സാബു.പി.വി യുടെ സഹോദരൻ ശ്രീ.ഷാല്വ വർഗ്ഗീസ് 2.12.2020 ൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി. തൊഴിൽ സഹായം സംബന്ധിച്ച 29.04.2002 ലെ ഉത്തരവിലെ ഖണ്ഡിക 7 പ്രകാരം മരണപ്പെട്ടയാളുടെ ആശ്രിതൻ പ്രായപൂർത്തിയായ ആളാണെങ്കിൽ കാഷ്വാലിറ്റി സംഭവിച്ച് 3 വർഷത്തിനകം അപേക്ഷ സമർപ്പിക്കേണ്ടിയിരുന്നു. എന്നാൽ ശ്രീ.ഷാല്വ വർഗ്ഗീസ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത് പ്രസ്തുത കാഷ്വാലിറ്റി സംഭവിച്ച് 11 വർഷങ്ങൾക്കു ശേഷം 02.12.2020 ലാണ്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 3 പ്രകാരം അവിവാഹിതനായ സഹോദരൻ ആണ് മരണപ്പെട്ടയാളുടെ ആശ്രിതൻ എന്ന നിർവ്വചനത്തിൽ ഉൾപ്പെട്ടു വരുന്നത്. അപേക്ഷകൻ 2013 ൽ വിവാഹിതനായയാളാണ്. തൊഴിൽ സഹായം സംബന്ധിച്ച ഉത്തരവിലെ പ്രസ്തുത വ്യവസ്ഥകൾ പാലിക്കാത്തതിനാൽ

അപേക്ഷകന് തൊഴിൽ സഹായത്തിന് അർഹത ഇല്ലായെന്നും എന്നാൽ മരണപ്പെട്ട സൈനികന്റെ കുടുംബത്തിന്റെ സാമ്പത്തിക ഭദ്രത കണക്കിലടുത്ത് പ്രസ്തുത വിഷയം സർക്കാരിന്റെ പ്രത്യേക പരിഗണനയ്ക്കായി സമർപ്പിക്കുന്നു എന്നും സൈനിക ക്ഷേമ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തു. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 2,62,000/- രൂപ മാത്രമാണെന്നും, അറിവില്ലായ്മ മൂലമാണ് സംസ്ഥാന സർക്കാരിൽ അപേക്ഷ സമർപ്പിക്കാതിരുന്നതെന്നും, സഹോദരന്റെ മരണസമയത്ത് ശ്രീ.ഷാലു വർഗീസ് അവിവാഹിതൻ ആയിരുന്നു എന്നും മാതാപിതാക്കളുടെ സംരക്ഷണ ചുമതല ടി യാൾക്കാണെന്നും ടിയാന്റെ അറിവില്ലായ്മ മാപ്പാക്കി ഇതൊരു പ്രത്യേക കേസായി പരിഗണിയ്ക്കണമെന്നും വയനാട് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തു. എന്നാൽ തൊഴിൽ സഹായം സംബന്ധിച്ച വ്യവസ്ഥകൾ പാലിക്കാത്തതിനാൽ ശ്രീ.ഷാലു വർഗീസിന്റെ അപേക്ഷ സർക്കാർ നിരസിച്ചു.

**4.** തൊഴിൽ സഹായം നൽകണമെന്ന ആവശ്യം നിരസിച്ചത് പുനപരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് ടിയാൻ സർക്കാരിൽ നിവേദനം സമർപ്പിച്ചു. തുടർന്ന് ടി ആവശ്യം സംബന്ധിച്ച് ടിയാൻ മനുഷ്യാവകാശ കമ്മീഷനെയും സമീപിച്ചു. പ്രസ്തുത കേസിൽ ചീഫ് സെക്രട്ടറി അപേക്ഷകനെ നേരിൽ കേട്ട് റിപ്പോർട്ട് സമർപ്പിക്കണമെന്ന് കമ്മീഷൻ ഉത്തരവിട്ടു.

**5.** കമ്മീഷൻ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ അപേക്ഷ വീണ്ടും പരിശോധിച്ചു. 2009 ൽ തന്നെ അപേക്ഷകൻ ആശ്രിത നിയമനത്തിനായി കേന്ദ്ര സർക്കാരിനെ സമീപിച്ചിട്ടുള്ളത് പരിഗണിച്ച് 29.04.2002 ലെ സ.ഉ(പി)110/2002/പൊ.ഭ.വ നമ്പർ ഉത്തരവിലെ ഖണ്ഡിക 3 (iv) (അവിവാഹിതനായ സഹോദരൻ), ഖണ്ഡിക 7 (അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി) എന്നീ വ്യവസ്ഥകളിൽ ഇളവു അനുവദിച്ച് ശ്രീ.ഷാലു വർഗീസിന് സംസ്ഥാന സർക്കാരിൽ നിയമനം നൽകുന്ന കാര്യം

പരിഗണിക്കാമോ എന്നത് സംബന്ധിച്ച ഉത്തരവുകൾക്കായി ഫയൽ ബഹു. മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ചിരുന്നു. ആയത് മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു.മുഖ്യമന്ത്രി ഉത്തരവിട്ടു.

## തീരുമാനിക്കേണ്ട വിഷയം

ഡറാഡൂണിലെ ഇന്ത്യൻ മിലിട്ടറി അക്കാഡമിയിൽ പരിശീലനത്തിനിടെ 03.08.2009 ന് മരണപ്പെട്ട സാബു.പി.വി യുടെ സഹോദരൻ ശ്രീ.ഷാലു വർഗ്ഗീസ്, പാലിയത്ത് ഹൗസ്, നരിക്കുണ്ട് (പി.ഒ), തോമാട്ടുചാൽ വില്ലേജ്, സുൽത്താൻ ബത്തേരി താലൂക്ക്, വയനാട് ജില്ല -യ്ക്ക്, ഒരു പ്രത്യേക കേസായി പരിഗണിച്ച്, 29.04.2002 ലെ സ.ഉ(പി)110/2002/പൊ.ഭ.വ നമ്പർ ഉത്തരവിലെ ഖണ്ഡിക 3 (iv) (അവിവാഹിതനായ സഹോദരൻ), ഖണ്ഡിക 7 (അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി) എന്നീ വ്യവസ്ഥകളിൽ ഇളവ് അനുവദിച്ച് വയനാട് ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ തൊഴിൽ സഹായം നൽകാവുന്നതാണോ ?